പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 101 — 09.06.2014 -ൽ മറുപടിയ്ക്ക്

## പുതുക്കാത്ത ബാർലൈസൻസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ബാർലൈസൻസ് പുതുക്കാത്തതുകൊണ്ട് എത്ര ബാറുകൾ അടച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ലൈസൻസ് പുതുക്കി നൽകാത്തതുകൊണ്ട് 421 ബാറുകൾ അടച്ചു. |
| (ബി) | പ്രസ്തുത ബാറുകളുടെ സ്റ്റാർ പദവി, എന്നുമുതൽ പ്രവർത്തിച്ചുവരുന്നു തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ബാർലൈസൻസ് ലഭിക്കുന്നതിനായി വ്യാജസ്റ്റാർപദവി നേടുന്നു എന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | വ്യാജമദ്യം നിരോധിച്ചും ബാറുകളുടെയും ബിവറേജസ് ഔട്ട്ലെറ്റുകളുടെയും എണ്ണം കുറച്ചും പടിപടിയായി മദ്യരഹിത സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) | വ്യാജമദ്യം ഉല്പാദിപ്പിക്കുന്നതിനും, കടത്തുന്നതിനും, സൂക്ഷിക്കുന്നതിനും, വിൽപ്പന നടത്തുന്നതിനും നിലവിൽ നിരോധനം ഉണ്ട്. വ്യാജമദ്യത്തിനെതിരെ സർക്കാർ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് മദ്യ |

നയം പ്രഖ്യാപിച്ചിട്ടുള്ളത്. മദ്യ ലഭ്യത കുറയ്ക്കുന്നതിനു വേണ്ടിയുള്ള നിരവധി നയ പരിപാടികൾക്ക് രൂപം കൊടുത്തിരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് വിദേശമദ്യ ചില്ലറ വിൽപ്പന ശാലകൾ, പുതുതായി ആരംഭിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ബാറുകളുടെ പ്രവൃത്തി സമയം 3 മണിക്കൂർ വെട്ടിക്കുറച്ചു. കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27 ലിറ്ററിൽ നിന്ന് , 15 ലിറ്ററായി കുറച്ചു. മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18 ൽ നിന്നും 21 ആയി ഉയർത്തി. ശക്തമായ ബോധവൽക്കരണത്തിലൂടെ "ലഹരി വിമുക്ത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ